നമ്പർ : ICPS 2/19979/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 30/08/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ സ്ഥാപനങ്ങളിൽ മാനേജ്മെൻറ് കമ്മിറ്റി കൂടുന്നത് സംബന്ധിച്ച്

സൂചന : ജെ.ജെ മോഡൽ റൂൾ.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ മാനേജ്മെൻറ് കമ്മിറ്റി കൂടേണ്ടതും ഒരോ കുട്ടിയുടേയും പുരോഗതി വിലയിരുത്തേണ്ടതുണ്ട്. മോഡൽ റൂൾ പ്രകാരം ഒരു മാസത്തിൽ ഒരു മാനേജ്മെൻറ് കമ്മിറ്റിയെങ്കിലും കൂടണമെന്ന് നിഷ്കർഷിക്കുന്നു. ജെ.ജെ സ്ഥപനങ്ങളിലെ പ്രധാനമായ പല കാര്യങ്ങളും തീരുമാനമെടുക്കേണ്ടത് മാനേജ്മെൻറ് കമ്മിറ്റിയിൽ വച്ചാണ്.

മോഡൽ റൂൾ ചട്ടം 39 പ്രകാരം ജെ.ജെ സ്ഥാപനങ്ങളിലെ മാനേജ്മെൻറ് കമ്മിറ്റി ചെയർപേഴ്സൺ അതാത് ജില്ല ശിശു സംരക്ഷണ ഓഫീസർമാരാണ്. മോഡൽ റൂൾ കൃത്യമായി പാലിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ മോഡൽ റൂൾ ചട്ടം 39 പ്രകാരം ജെ.ജെ സ്ഥാപനങ്ങളിലെ മാനേജ്മെൻറ് കമ്മിറ്റിയുടെ ചെയർപേഴ്സൻെറ ചുമതല അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്. മാനേജ്മെൻറ് കമ്മിറ്റി എല്ലാ മാസവും കൃത്യമായി കൂടേണ്ടതാണ്. ഈ കാര്യം എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും അതാത് ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരും ഉറപ്പു വരുത്തേണ്ടതുമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർ മാർക്കും
2. എല്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻമാർക്കും
3. ഐ.സി.പി.എസ് 4എ & 4ബി
4. സ്റ്റോക്ക് ഫയൽ